# മിണ്ടാപ്രാണികൾക്കുമുണ്ട് ചില അവകാശങ്ങൾ

عَنْ سَهْلِ ابن الْحَنْظَلِيَةِ رَضِي اللَّهُ عَنْهُ: مَرَّ رَسُولُ اللَّهِ ﷺ بِبَعِيرٍ قَدْ لَحِقَ ظَهْرُهُ بِبَطْنِهِ. فَقَالَ: اتَّقُوا اللَّهَ فِي هَذِهِ الْبَهَائِمِ الْمُعْجَمَةِ، فَارْكَبُوهَا صَالِحَةً وَاتْرُكُوهَا صَالِحَةً (أَبُودَاوُد).

സഹ്‌ലുബ്നു ഹൻളലിയയി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഒരു ഒട്ടകത്തിന്റെ അടുത്തുകൂടി നടന്നുപോയി. അതിന്റെ വയർ മുതുകിനോട് ഒട്ടിയിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു: 'ഈ മിണ്ടാജീവികളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ നല്ല നിലയിൽ അതിന്റെ പുറത്ത് യാത്രചെയ്യുകയോ നല്ല നിലയിൽ അതിനെ വിട്ടയക്കുകയോ ചെയ്യുക' (അബൂദാവൂദ്).

മനുഷ്യരോടുള്ള ഇടപെടലുകളിൽ മാത്രമല്ല, മുഴുവൻ ജീവജാലങ്ങളോടും പ്രകൃതിയോടുമുള്ള സമീപനത്തിലും ഇസ്‌ലാമിന് കൃത്യമായ പാഠങ്ങളുണ്ട്. മനുഷ്യന്റെ ജീവിത പരിസരത്തോട് ഇണങ്ങി ജീവിക്കുന്ന മൃഗങ്ങളും പക്ഷികളുമുണ്ട്. ഭക്ഷണത്തിനും സവാരിക്കും മറ്റ് വിവിധ ജോലികൾക്കുമായി മനുഷ്യൻ അവയെ ഉപയോഗിക്കുന്നു. ഇങ്ങനെ തന്റെ യാവശ്യങ്ങൾക്കായി ഇണക്കി വളർത്തുന്നവയോട് പെരുമാറേണ്ട രീതിയും അത്തരം ജീവികളുടെ അവകാശവും വ്യക്തമാക്കുന്നതാണ് ഈ നബിവചനം. വിശപ്പിന് ഭക്ഷണവും ആവശ്യത്തിന് വിശ്രമവും ഈ ജീവികളുടെ അടിസ്ഥാനാവകാശങ്ങളിൽ പെട്ടതാണ്. അത് യഥാസമയം നൽകുമ്പോൾ മാത്രമേ അവയിൽ നിന്നുള്ള ഉപകാരമെടുക്കാൻ മനുഷ്യന് അവകാശമുള്ളൂവെന്നർഥം. തങ്ങളുടെ ഉടമസ്ഥതയിലുള്ള മിണ്ടാപ്രാണികളെ പട്ടിണിക്കിടരുതെന്നും അവയുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും വ്യത്യസ്ത സന്ദർഭങ്ങളിൽ നബി(സ) ഉണർത്തിയിട്ടുണ്ട്.

അബ്ദുല്ലാഹിബ്നു ജഅ്ഫറി(റ)ൽ നിന്ന് നിവേദനം: നബി(സ) ഒരു അൻസ്വാരിയുടെ തോട്ടത്തിൽ പ്രവേശിച്ചു. അവിടെ ഒരു ഒട്ടകമുണ്ടായിരുന്നു. ഒട്ടകം നബിയെ കണ്ടപ്പോൾ ദുഃഖസാന്ദ്രമായ ശബ്ദം പുറപ്പെടുവിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്തു. നബി(സ) ഉടനെ ഒട്ടകത്തിന്റെയടുത്തു ചെന്ന് അതിന്റെ പൂഞ്ഞയും ചെവിയുടെ പിൻഭാഗവും തടവി. അതോടെ ഒട്ടകം ശാന്തമായി. നബി(സ) ചോദിച്ചു: "ആരാണ് ഈ ഒട്ടകത്തിന്റെ ഉടമ?" ഒരു അൻസാരി യുവാവ് വന്നിട്ടു പറഞ്ഞു: "നബിയെ ഒട്ടകം എന്റേതാണ്." റസൂൽ(സ) പറഞ്ഞു: "അല്ലാഹു നിനക്കധീനപ്പെടുത്തിത്തന്ന ഈ ജീവിയുടെ കാര്യത്തിൽ നീ അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ? ഈ ഒട്ടകം, (അതിന്റെ കണ്ണീർ കൊണ്ടും കരച്ചിൽ കൊണ്ടും) നീ അതിനെ പട്ടിണിക്കിടുകയും തുടർച്ചയായി അതിനെ ജോലിയെടുപ്പിക്കുകയും ചെയ്യുന്നൂവെന്ന് എന്നോട് ആവലാതി പറയുകയായിരുന്നു" (അബൂദാവൂദ്).

വളർത്തുമൃഗങ്ങളെ മാത്രമല്ല മനുഷ്യന്റെ ജീവിത പരിസരത്തേക്ക് വരുന്ന ഒരു ജീവിയെയും പിടികൂടി പട്ടിണിക്കിടാൻ പാടില്ല. കൊല്ലാൻ വേണ്ടി കെട്ടിയിടുന്ന ജീവിയാണെങ്കിൽ പോലും അവയെ പട്ടിണിക്കിടരുതെന്ന് റസൂൽ(സ) ആവശ്യപ്പെട്ടിട്ടുണ്ട്. അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന് നിവേദനം: "ഏതെങ്കിലും നാൽക്കാലിയെയോ മറ്റോ കൊല്ലാൻ വേണ്ടി (ഭക്ഷണം കൊടുക്കാതെ) കെട്ടിയിടുന്നത് നബി(സ) നിരോധിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ട്" (ബുഖാരി, മുസ്‌ലിം).

വളർത്തു മൃഗങ്ങളെ ചെറുതായി അടിക്കേണ്ടി വരുന്ന ചില സന്ദർഭങ്ങളുണ്ടാവാം. പക്ഷേ അപ്പോൾ പോലും അവയുടെ മുഖത്തടിക്കരുതെന്ന് റസൂൽ(സ) ഉണർത്തിയിട്ടുണ്ട്. ജാബിറി(റ)ൽ നിന്ന് നിവേദനം. "ജന്തുക്കളുടെ മുഖത്തടിക്കുന്നതും മുഖത്ത് പച്ചകുത്തുന്നതും നബി(സ) നിരോധിച്ചിരിക്കുന്നു" (മുസ്‌ലിം).

മിണ്ടാപ്രാണികളായ മൃഗങ്ങളോടുള്ള കാരുണ്യപൂർവമായ ഈ സമീപനം തന്നെയാണ് വീട്ടിൽ വളർത്തുന്നതും അല്ലാത്തതുമായ പക്ഷികളോടും പറവകളോടും പുലർത്തേണ്ടത്. വിവിധ സന്ദർഭങ്ങളിലുള്ള നബിവചനങ്ങൾ അത് വ്യക്തമാക്കുന്നുണ്ട്. ഭക്ഷണാവശ്യത്തിന് മൃഗങ്ങളെയെന്ന പോലെ ഇണക്കിവളർത്തുന്ന പക്ഷിവർഗത്തിൽ പെട്ടവയെയും അറുത്തുപയോഗിക്കാം. ഭക്ഷണാവശ്യത്തിനല്ലാതെ വിനോദത്തിനോ തമാശക്കോ വേണ്ടി ഒരു പറവയെയും കൊല്ലാൻ പാടില്ല. നബി(സ) പറഞ്ഞു: "ഒരുവൻ ഒരു കിളിയെ വൃഥാ കൊന്നാൽ അന്ത്യനാളിൽ അത് അല്ലാഹുവിനോട് ഇപ്രകാരം വിലപിക്കും: നാഥാ, ഇന്നയാൾ എന്നെ അനാവശ്യമായി വധിച്ചു. യാതൊരു പ്രയോജനത്തിനും വേണ്ടിയല്ല അയാളെന്നെ വധിച്ചത്" (നസാഇ, ഇബ്നുഹിബ്ബാൻ).

അസ്ത്രവിദ്യയും മറ്റും പഠിക്കുന്നവർ ജീവനുള്ള പക്ഷികളെ ഉന്നമാക്കാറുണ്ട്. അല്ലാഹു നൽകിയ ഒരു ജീവനെ ഒട്ടും വിലമതിക്കാത്ത പ്രവൃത്തികളാണിവ. അതിനാൽ തന്നെ ഇസ്‌ലാം അതംഗീകരിക്കുന്നില്ല. നബി(സ) അത് നിരോധിച്ചിട്ടുണ്ട്. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "ജീവനുള്ള യാതൊന്നിനെയും നിങ്ങൾ ഉന്നമാക്കരുത്" (മുസ്‌ലിം).

പക്ഷിമൃഗാദികളുടെ ജീവനും ചോരയും ചിന്തുന്ന കോഴിപ്പോര് പോലുള്ള ക്രൂരവിനോദങ്ങളും പന്തയങ്ങളും റസൂൽ(സ) വിരോധിച്ചിട്ടുണ്ട്. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: "ജന്തുക്കളെ പരസ്പരം പോരടിപ്പിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു" (അബൂദാവൂദ്, തിർമുദി). പക്ഷികളുടെ കൂട് നശിപ്പിക്കുന്നതും കുഞ്ഞുങ്ങളെ തള്ളപ്പക്ഷിയിൽനിന്ന് വേർപ്പെടുത്തുന്നതുമെല്ലാം റസൂൽ(സ) വിലക്കിയതായുള്ള സംഭവങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ■